
# സെസ് - ആരുടെ വികസനത്തിന്?

സി.ആർ. നീലകണ്ഠൻ

പ്രത്യേക സാമ്പത്തിക മേഖല (സെസ്) സംബന്ധിച്ച വിവാദം കേരളത്തിൽ ഇനിയും കെട്ടടങ്ങിയിട്ടില്ല. ഭരണമുന്നണി ഇക്കാര്യത്തിൽ ഒരു സമവായത്തിലെത്തിയെന്നാണു പറയുന്നത്. കേന്ദ്ര സെസ് നിയമത്തിനു പുറമെ (ചിലത് എതിരായിട്ടും) പത്തു കല്പനകളാണ് സംസ്ഥാനനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുതായി 11 സെസുകൾക്കുകൂടിയുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിനും അവർ നിയമിച്ചിരിക്കുന്ന സെസ് അംഗീകാരത്തിനുള്ള അഥോറിട്ടിക്കും സമർപ്പിക്കപ്പെട്ടുകഴിഞ്ഞു. ചുരുക്കത്തിൽ സെസ് (സ്പോഷ്യൽ ഇക്കണോമിക് സോൺ) ഇല്ലാതെ കേരളത്തിന്റെ വികസനം മുന്നോട്ടു പോകില്ലെന്ന് ഇടതു- വലതു മുന്നണികൾ ഒരു പോലെ അംഗീകരിച്ചിരിക്കുന്നു. അതിലെ ചില 'വ്യവസ്ഥകൾ' സംബന്ധിച്ച് മാത്രമാണ് തർക്കം. സെസിനെതിരെ യുദ്ധം പ്രഖ്യാപിച്ച സാഹചര്യത്തിൽ സെസ് (ഇതിനെ സ്പെഷ്യൽ എക്സ്പ്ലോയിറ്റേഷൻ സോൺ - പ്രത്യേക ചൂഷണ മേഖല) എന്ന സങ്കല്പം എന്താണെന്നും അത് വികസനത്തിന് എത്ര മാത്രം ഗുണകരമാണെന്നും പരിശോധിക്കേണ്ടതുണ്ട്.

ഒരു രാജ്യത്തിന്റെ വികസനമെന്നത് അതിന്റെ സാമ്പത്തിക വളർച്ച (ജി.ഡി.പി) ആണെന്നും അതിന് ഏറ്റവും അനിവാര്യമായ ഘടകങ്ങൾ വിദേശകമ്പോളവും മൂലധനവുമാണെന്നും ആ മൂലധനം പുറത്തു നിന്നു വരേണ്ടതാണെന്നും അങ്ങനെ മൂലധനം ഇന്നാട്ടിലേക്ക് ഒഴുകിയെത്തണമെങ്കിൽ നമ്മുടെ നാട്ടിൽ മൂലധനസൗഹൃദാന്തരീക്ഷം (ഇൻവെസ്റ്റർ ഫ്രെന്റ്ലി) ഉണ്ടാകണമെന്നുമാണ് നവലിബറൽ ഭരണകാലഘട്ടത്തിലെ ഗായത്രീമന്ത്രം. ഇതിനുവേണ്ടി നിലവിലുള്ള ലൈസൻസിങ് തടസ്സം മാറ്റണം, ബാങ്ക് തുടങ്ങിയവ




പൂർണമായും മാറണം, രാജ്യത്തിന്റെ ഖജനാവിലേക്ക് വരുമാനമുണ്ടാക്കുന്ന യാതൊരുവിധ നികുതികളും ഈടാക്കരുത്, മൂലധനമുടമക്ക് സർവ്വതന്ത്രസ്വതന്ത്രമായി വിഹരിക്കാൻ കഴിയുന്ന പശ്ചാത്തലസൗകര്യമുണ്ടായിരിക്കണം, രാജ്യത്തെ നിയമങ്ങളും മറ്റും (പ്രത്യേകിച്ച് തൊഴിലും പരിസ്ഥിതിയും സാമൂഹ്യസുരക്ഷയും സംബന്ധിച്ചുള്ളവ) ഇവരെ ബാധിക്കില്ലായെന്നുറപ്പാക്കണം. നാട്ടിലെ പ്രകൃതി വിഭവങ്ങൾ (പ്രധാനമായും ഭൂമി, വെള്ളം മുതലായവ) കഴിയുന്നത്ര സൗജന്യനിരക്കിൽ ലഭ്യമാക്കണം തുടങ്ങിയ മന്ത്രങ്ങൾ പിന്നാലെ വരുന്നു.

കയറ്റുമതിക്ക് പിന്തുണ നൽകുന്ന നയം ഇന്നാട്ടിൽ വളരെ മുമ്പു തന്നെ നിലവിലുണ്ട്. ഇതിനുവേണ്ടിയാണ് കയറ്റുമതി സംസ്ക്കരണ മേഖലകൾ (EPZ) സ്ഥാപിച്ചത്. ലോകത്തിലെ ആദ്യ കയറ്റുമതി മേഖല സ്ഥാപിച്ചത് 1959ൽ അയർലണ്ടിലാണ്. ഏഷ്യയിലെ ആദ്യ മേഖല വന്നത് ഇന്തയയിലെ കാണ്ട്ലയിലാണ്, 1965ൽ. അവിടെ സർക്കാർ സ്ഥലത്ത് വ്യവസായവികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി മുതലാളിമാർക്കു നൽകുകയെന്നതാണ് രീതി. കയറ്റുമതിക്കാണെന്നതിനാൽ അവിടേയ്ക്ക് ഇറക്കുമതിചെയ്യുന്ന ഉൽപന്നങ്ങൾക്ക് കസ്റ്റംസ് തിരുവ ഈടാക്കുപ്പെടുന്നില്ല. 'തൊഴിൽക്കുഴപ്പങ്ങൾ' ഒഴിവാക്കാൻ അത്തരം നിയമങ്ങളും ബാധകമല്ലാതാക്കുന്നു. എക്സൈസ് വില്പന നികുതി, ആദായ നികുതി മുതലായവയിൽ ഇളവുകൾ നൽകിയിരുന്നു. അവർക്കു കുറഞ്ഞ ചിലവിൽ ഭൂമിയും വെള്ളവും വൈദ്യുതിയും നൽകിയിരുന്നു. വായ്പാ സൗകര്യങ്ങളും പലിശയിളവും ഒരുക്കിയിരുന്നു. കയറ്റുമതി ചെയ്യുമ്പോൾ അന്താരാഷ്ട്ര കമ്പോളത്തിൽ മത്സരിക്കുന്നതിന് വിലക്കുറവ് ഉണ്ടാകുന്നതിനാണ് ഇങ്ങനെ സൗജന്യങ്ങൾ നല്കുന്നത്. എന്നാൽ ദരിദ്രരായ ജനങ്ങൾക്ക് സാമൂഹ്യസേവനങ്ങളും സുരക്ഷയും നൽകാൻ വേണ്ടി വിനിയോഗിക്കേണ്ട നികുതിപ്പണവും നാട്ടിലെ വിഭവങ്ങളും നൽകി വിദേശ ഉപഭേക്താവിന് (സമ്പന്നർക്ക്) സൗജന്യങ്ങൾ നൽകുകയാണ് നാം ചെയ്യുന്നതെന്ന സത്യം പലരും തിരിച്ചറിഞ്ഞതായി ഭാവിച്ചില്ല. രാജ്യത്ത് വിദേശനാണ്യ ശേഖരത്തിൽ വലിയ കുറവുണ്ടെന്നും ഇതു പരിഹരിച്ചില്ലെങ്കിൽ എണ്ണയടക്കമുള്ള അടിസ്ഥാന ഘടകങ്ങളുടെ ഇറക്കുമതി തടസ്സപ്പെടുമെന്നുമാണ് ഇതിനെതിരായി ഉയർന്നവാദം. (ഇന്ന് ഇന്ത്യയുടെ വിദേശ നാണ്യശേഖരം സർവ്വകാല റെക്കോർഡുകളും തകർത്ത് വളരെ ഉയർന്ന തോതിലാണ്. എന്നിട്ടും കയറ്റുമതി സൗജന്യങ്ങൾ നിരന്തരമായി

വർദ്ധിപ്പിക്കുന്നതിന്റെ ന്യായമെന്തെന്നും ആരും ചോദിക്കുന്നില്ല!) അതെന്തായാലും കയറ്റുമതി മേഖലകൾ വ്യവസായ വികസനത്തിന് കുറച്ചെങ്കിലും സഹായിക്കുന്നുവെന്നും കുറേപ്പേർക്ക് അവിടെ തൊഴിൽ ലഭിക്കുന്നുവെന്നും കണ്ടതിനാൽ അവക്കെതിരെ കാര്യമായ എതിർപ്പുകൾ ഉണ്ടായില്ല. ഇത്തരം മേഖലകളെല്ലാം പേരുമാറ്റിക്കൊണ്ട് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) ആക്കുകയാണ് ഉണ്ടായത്. കേരളത്തിലെ ഏക കയറ്റുമതി മേഖലയായിരുന്ന കൊച്ചിയിലെ സ്ഥാപനവും സെസ് ആയി, കേരളത്തിലെ ആദ്യ സെസ്. പിന്നീട് വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലും സ്മാർട്ട്സിറ്റിയും സെസ് പദവിയിലേക്ക് അംഗീകരിക്കപ്പെട്ടു. അതിനുശേഷമാണ് ഇപ്പോൾ വിവാദമായ 11 സെസുകൾ വരുന്നത്.

നവ ലിബറൽ സാമ്പത്തിക നയങ്ങൾക്ക് 'സർവ്വകക്ഷിസമവായം' ഉണ്ടായ കാലത്താണ് സെസും സ്ഥാപിതമായത്. 2005ൽ ലോകസഭയിൽ അവതരിപ്പിച്ചു പാസാക്കിയ (പിന്നീട് രാജ്യസഭയും പാസാക്കി) നിയമം (സെസ് നിയമം 2005) അനുസരിച്ചാണ് ഇവിടെ ഇത് വരുന്നത്. 2006 ആദ്യം ഈ നിയമങ്ങൾക്കുള്ള ചട്ടങ്ങളും തയ്യാറാക്കി വിജ്ഞാപനം ചെയ്തു. സെസ് സംബന്ധിച്ച് ഒരു സമിതി തയ്യാറാക്കിയ കരട് നിർദ്ദേശങ്ങളാണ് ബില്ലായി അവതരിപ്പിച്ചത്. ചില ഭേദഗതിനിർദ്ദേശങ്ങൾ വന്നു. അവകൂടി ചേർത്ത് ഐക്യകണ്ഠേനയാണ് പാർലമെന്റ് ഇതിനംഗീകാരം നൽകിയത്. (ആ സമയത്ത് ഇടതുപക്ഷ എംപിമാർ ഉറങ്ങുകയായിരുന്നുവോയെന്നു ചോദിക്കരുത്) ചട്ടങ്ങളുണ്ടാക്കുന്നതിനുമുമ്പ് ഏഴു നഗരങ്ങളിൽ വെച്ച് പൊതു തെളിവെടുപ്പ് നടത്തി. 300ലധികം നിർദ്ദേശങ്ങൾ വന്നു. അവ കൂടി പരിഗണിച്ചാണ് 2006 ഫെബ്രുവരി പത്തിന് ചട്ടങ്ങൾ പുറത്തിറക്കിയത്. ഇതെല്ലാം 'തിരക്കുപിടിച്ചു' ചെയ്തതാണെന്ന് സർക്കാർ അംഗീകരിക്കുന്നില്ല. ഓരോ സെസ് അപേക്ഷയും പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള അതോറിറ്റി രൂപീകരിച്ചു.

**ഒരു രാജ്യത്തിന്റെ വികസനമെന്നത് അതിന്റെ സാമ്പത്തിക വളർച്ച (ജി. ഡിപി) ആണെന്നും അതിന് ഏറ്റവും അനിവാര്യമായ ഘടകങ്ങൾ വിദേശകമ്പോളവും മൂലധനവുമാണെന്നും ആ മൂലധനം പുറത്തുനിന്നു വരേണ്ടതാണെന്നും അങ്ങനെ മൂലധനം ഇന്നാട്ടിലേക്ക് ഒഴുകിയെത്തണമെങ്കിൽ നമ്മുടെ നാട്ടിൽ മൂലധനസൗഹൃദാന്തരീക്ഷം (ഇൻവെസ്റ്റർ ഫ്രന്റ്ലി) ഉണ്ടാകണമെന്നുമാണ് നവലിബറൽ ഭരണകാലഘട്ടത്തിലെ ഗായത്രി മന്ത്രം.**

(കേന്ദ്ര വാണിജ്യ സെക്രട്ടറിയാണതിന്റെ അദ്ധ്യക്ഷൻ. ധനം, ആഭ്യന്തരം, ഐടി വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളാണ്. (കൃഷി, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം, തൊഴിൽ, പരിസ്ഥിതി തുടങ്ങിയ വകുപ്പുകൾക്കൊന്നും ഇതിലൊരു കാര്യവുമില്ലല്ലോ) ഇവർ അംഗീകരിക്കുന്ന അപേക്ഷകൾ മന്ത്രിസഭാ ഉപസമിതിക്കുപോകും. സംസ്ഥാന സർക്കാരുകളാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. സെസുകളെ മൂന്നു തരത്തിൽ വിഭജിച്ചിട്ടുണ്ട്. ബഹുഉൽപ്പന്നസെസുകൾ എന്ന വിഭാഗത്തിന് അപേക്ഷിക്കുന്നവർക്ക് ഏറ്റവും ചുരുങ്ങിയത് ആയിരം ഹെക്ടർ ഭൂമി വേണം. ഏക ഉൽപ്പന്നസെസ് ആണെങ്കിൽ നൂറ് ഹെക്ടറും ഐടി അനുബന്ധ സെസിന് 25 ഹെക്ടറും ഭൂമി വേണം. കേന്ദ്രഭരണപ്രദേശങ്ങളിൽ ഈ താഴ്ന്ന പരിധിയിൽ ചില ഇളവുകൾ നൽകുന്നു.

നിരന്തര സാമ്പത്തിക വളർച്ചക്ക് വഴിമരുന്നിടുന്നവയാണ് സെസിൽ വരുന്ന മുതൽമുടക്ക് എന്ന ന്യായം പറഞ്ഞുകൊണ്ട് ഇവർക്ക് ഒട്ടനവധി ഇളവുകളും സൗജന്യങ്ങളും നൽകുന്നു. ഇവിടേക്കുകൊണ്ടുവരുന്ന ഒരു ഉൽപന്നത്തിനും യാതൊരു വിധ ഇറക്കുമതിത്തീരുവയുമില്ല. ആദ്യ അഞ്ചുവർഷം 50 ശതമാനവും സൗജന്യം. വിൽപ്പന നികുതിയില്ല. മറ്റ് സംസ്ഥാനതീരുവകളില്ല. സർവ്വീസ് നികുതിയില്ല. 50 കോടി ഡോളർ വരെയുള്ള വിദേശ വായ്പക്ക് ചില സൗജന്യങ്ങൾ, ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ നികുതിയില്ല. ഇങ്ങനെ പലതും.

2008 ആദ്യംവരെ രാജ്യത്താകെ നിന്നുമായി 237 അപേക്ഷകൾ വന്നതിൽ 164ന് തത്വത്തിൽ അംഗീകാരം നൽകി. 64 എണ്ണം നിർമ്മാണത്തിന്റെ പലഘട്ടങ്ങളിലാണ്. ചിലവയെല്ലാം പൂർത്തിയായി. ഇപ്പോൾ ലഭ്യമാകുന്ന (സർക്കാർ വെബ്സൈറ്റ്) വിവരങ്ങൾ വച്ചുകൊണ്ട് മൊത്തം 404 എണ്ണത്തിന് ഔപചാരിക അംഗീകാരമായി. ഇതിനായി 54,280 ഹെക്ടർ ഭൂമിയും കണ്ടെത്തിക്കഴിഞ്ഞു. 2010 ആകുമ്പോഴേക്കും വിവിധ സെസുകളിലായി ഒരുലക്ഷം കോടി രൂപയുടെ നിക്ഷേപം വരും, 5 ലക്ഷം തൊഴിലവസരങ്ങളുണ്ടാകുമെന്നെല്ലാമാണ് സർക്കാർ അവകാശവാദം. ഈ പദ്ധതികൾ വേഗത്തിലാക്കാൻ ഏകജാലകസംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. കേൾക്കാൻ സുഖമുള്ള പ്രയോഗമാണിതെങ്കിലും ഫലത്തിൽ പരിസ്ഥിതി സംരക്ഷണ നിയമങ്ങളടക്കമുള്ളവ എളുപ്പത്തിൽ മറികടക്കാനാണിത്. അധികാരവികേന്ദ്രീകരണം, പഞ്ചായത്തീരാജ് തുടങ്ങിയവയെപ്പറ്റി വൻ അവകാശവാദങ്ങൾ ഉന്നയിക്കുന്നവർ, സെസിന്റെ കാര്യത്തിൽ പഞ്ചായത്തുകൾക്കൊരധികാരവുമില്ലെന്നും പറയുന്നു.

തമിഴ്നാട്ടിലെ ശ്രീ പെരുമ്പത്തൂർ (നോക്കിയയും മറ്റും), ചാണ്ഡീഗഢിലെ ക്വാർക്ക് സിറ്റി, മഹീന്ദ്രാ വേൾഡ് സിറ്റി (തമിഴ്നാട്), മോട്രോള – സെൽ, ആഡിയാസ് (ആന്ധ്ര) തുടങ്ങിയവ പ്രവർത്തനം തുടങ്ങിയവയിൽ പ്രധാനമായവയാണ്. ഈ പദ്ധതികൾക്കെതിരെ നിരവധി ജനകീയ സമരങ്ങൾ നടക്കുന്നുവെന്നത് ഇന്നൊരു രഹസ്യമല്ല. നന്ദിഗ്രാമും സിംഗൂരും കേരളത്തിൽ വ്യാപകമായ ചർച്ച ചെയ്യപ്പെട്ടത് പ്രധാനമായും ഇവ ഇടതുപക്ഷം ഭരിക്കുന്ന പശ്ചിമബംഗാളിലാണെന്നതിനാലാണ്. ഹരിയാനയിലെ സോനിപ്പത്തിലെ കർഷകസമരം ശക്തമാണ്. 50 ലക്ഷം ടൺ ഭക്ഷ്യധാന്യം ഉൽപ്പാ

ദിപ്പിക്കാൻ കഴിയുന്ന ഭൂമിയാണവിടെ ബഹുരാഷ്ട്രക്കമ്പനിക്കു കൈമാറുന്നത്. യുപിയിലെ ദാദ്രിയിലും വിദേശകമ്പനിക്കു നൽകുന്നത് പതിനായിരത്തിലധികം ഹെക്ടർ കൃഷിഭൂമി തന്നെ. ഇവിടെയും ശക്തമായ സമരമുണ്ട്. ഗുജറാത്തിലെ കച്ച് തീരത്ത് 28 കി. മീ നീണ്ട തീരപ്രദേശത്ത് 13,000 ഹെക്ടർ ഭൂമി അംബാനി ഗ്രൂപ്പിന് നൽകുന്നു. മുണ്ട്രാ സെസ്. ഇതിനകത്ത് ഒരു തുറമുഖവും വിമാനത്താവളവുമുണ്ട്. മറ്റെവിടെയും ഇതുണ്ടാവില്ല. പൂർണ്ണമായും സ്വതന്ത്ര വിദേശ വ്യാപാരം) ഇതിനെതിരെ മത്സ്യത്തൊഴിലാളികൾ ശക്തമായ പ്രതിരോധമുയർത്തുന്നു. ഒരു പക്ഷേ നന്ദിഗ്രാമിനേക്കാൾ ശക്തമായ അതിക്രമങ്ങൾ നടന്ന സ്ഥലമാണ് ഒറീസയിലെ കിലംഗനഗർ. അവിടെ പോസ്കോയെന്ന കൊറിയൻ കമ്പനിക്കായി 4500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ആദിവാസികൾ നടത്തിയ സമരത്തെ പൊലീസ് വെടിവെച്ച് നേരിട്ടു – ഒറ്റദിവസം 13 പേർ മരിച്ചുവീണു. റിലയൻസിന്റെ മഹാമുംബൈയ് സെസിന് 35000 ഏക്കർ ഭൂമിയാണെടുക്കുന്നത്. മൊത്തം മുംബൈയ് നഗരത്തിന്റെ മൂന്നിലാണ്. ഇവിടെ 3 ലക്ഷം പേർ കുടിയിറക്കപ്പെടുന്നു. കർഷകരും ഗ്രാമീണരും നടത്തിയ ശക്തമായ സമരത്തിന്റെ ഫലമായി സർക്കാർ ഒരു റെഫറണ്ടത്തിനു തയ്യാറായി. അവിടെ 98 ശതമാനം പേരും പദ്ധതിക്കെതിരായി വോട്ടുചെയ്തു. ഇനിയും എന്തുണ്ടാകുമെന്നാർക്കുമറിയില്ല.

ഇത്രയധികം ജനകീയ പ്രതിരോധങ്ങളെ നേരിട്ടുകൊണ്ടു നടപ്പിലാക്കുന്ന സെസ് രാജ്യത്തിന്, ചുരുങ്ങിയത് സർക്കാരിനെങ്കിലും ഗുണകരമാണോ? അല്ലെന്ന് ഏറ്റവും ശക്തമായി പറഞ്ഞത്, ആഗോളീകരണത്തിന്റെ അപ്പസ്തോലനായ കേന്ദ്രധനമന്ത്രി പി. ചിദംബരം തന്നെയാണ്. ധനമന്ത്രാലയം നടത്തിയ ഒരു പഠനമനുസരിച്ച് ഇപ്പോൾ വിഭാവനം ചെയ്യുന്ന പദ്ധതികളെല്ലാം നിലവിൽ വന്നാൽ നികുതിയിനത്തിൽ സർക്കാരിനു ലഭിക്കേണ്ട 1,76,000 കോടി രൂപ നഷ്ടമാകുമെന്നു കണ്ടെത്തി. ഇതുകൊണ്ടുതന്നെ വ്യാപാരമന്ത്രി കമൽനാഥുമായി ചിദംബരം പരസ്യമായ ഏറ്റുമുട്ടലിനു തന്നെ തയ്യാറായി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനു വേണ്ടി സർക്കാർ നൽകുന്ന സഹായങ്ങൾ കൊണ്ടു നടപ്പിലാക്കുന്ന സ്വകാര്യപദ്ധതികളുടെ ചിലവ് – നേട്ട വിശകലനം നടത്തിയ സി എ ജി തയ്യാറാക്കിയ റിപ്പോർട്ടുകൾ സത്യം വെളിവാക്കുന്നവയാണ്. 1998 വരെയുള്ള പഠനങ്ങളാണവർ നടത്തിയത്. ഇവിടെ പ്രവർത്തിക്കുന്ന കയറ്റുമതി സംസ്കരണ മേഖലകളിൽ, കസ്റ്റംസ് തീരുവ ഇനത്തിൽ മാത്രം രാജ്യത്തിനു നഷ്ടമായത് 7500 കോടി രൂപയാണ്. ഇവ നേടിത്തന്ന മൊത്ത വിദേശനാണ്യമാകട്ടെ വെറും 4500 കോടി രൂപമാത്രവും. ഇക്കാര്യം വ്യക്തമായി അറിഞ്ഞിട്ടും 1999–2000ൽ ഈ മേഖലകളുടെ നികുതി ഇളവുകാലം അതുവരെയുണ്ടായിരുന്ന അഞ്ചുവർഷത്തിൽ നിന്നും പത്തുവർഷമാക്കി ഉയർത്തുകയാണുണ്ടായത്. 2003–2004 കാലത്തെ പഠനം കുറെക്കൂടി വലിയ സത്യങ്ങൾ പുറത്തുകൊണ്ടുവന്നു. ആ വർഷം സർക്കാർ ഇവർക്കായി നൽകിയ നികുതി ഇളവുകൾ 39,704 കോടി രൂപയുടേതാണ്. അവ്വർഷം പിരിഞ്ഞുകിട്ടിയ മൊത്തം കസ്റ്റംസ് തീരുവയുടെ 8 ശതമാനം വരും ഈ തുക. 2001–02ൽ ഇത് അവ്വർഷ തീരുവയുടെ 62 ശതമാനവും 2000–01ൽ 41 ശതമാനവുമായിരുന്നു. അതായത് ഓരോ വർഷവും നികുതി വരുമാനത്തിന്റെ, സൗജന്യമായി നൽകുന്ന പങ്ക് കുതിച്ചുയരുന്നുവെന്നർത്ഥം. സൗജന്യങ്ങൾ വിവിധ രൂപങ്ങളിലുണ്ട്. കയറ്റുമതിസ്ഥാപനങ്ങൾക്കായി മുൻകൂർ ലൈസൻസ്, തീരുവ കിഴിവിനുള്ള പാസ്ബുക്ക് (ഡി ഇ പി ബി), കയറ്റുമതി പ്രോത്സാഹനത്തിനായുള്ള മൂലധന നിക്ഷേപം, കയറ്റുമതി സംസ്കരണ മേഖലകൾ, അവയ്ക്കുപുറത്തുള്ള കയറ്റുമതി അടിസ്ഥാനമാക്കിയ യൂണിറ്റുകൾ, അവയ്ക്കെല്ലാം തിരികെനൽകുന്ന തീരുവകൾ— പലതും ഇതിൽ പെടുന്നു. ഒരു ഘട്ടത്തിൽ അന്താരാഷ്ട്ര നാണയ നിധിപോലും സെസുകളേയും കയറ്റുമതിക്കായി നൽകുന്ന സൗജന്യങ്ങളേയും എതിർക്കാൻ തയ്യാറായി.

കയറ്റുമതി വർദ്ധന, തൊഴിൽ, സാങ്കേതികവിദ്യാ ലഭ്യത, രാജ്യമാകെ സാമ്പത്തിക വളർച്ച, അതിന്റെ ഒരു പങ്ക് താഴേക്കും അരിച്ചിറങ്ങി ദരിദ്രരുടെ ജീവിതം മെച്ചപ്പെടൽ തുടങ്ങി ഇവർ ഉയർത്തുന്ന അവകാശവാദങ്ങൾ എത്രമാത്രം സത്യമാണ്? ഇത് ഇന്ത്യയിൽ മാത്രമല്ല പല മൂന്നാം ലോകരാജ്യങ്ങളിലും പഠനവിധേയമാക്കിയിട്ടുണ്ട്. സ്വതന്ത്രട്രേഡ് യൂണിയനുകളുടെ അന്താരാഷ്ട്ര കോൺഫെഡറേഷൻ (ഐസിഎഫ്ടിയു – 152 രാജ്യങ്ങളിലായി 235 അഫിലിയേറ്റഡ് യൂണിയനുകളും 15 കോടി അംഗങ്ങളുള്ള സംഘടന) നടത്തിയ വിശദമായ പഠനം കാണിക്കുന്ന വസ്തുതകൾ താഴെ പറയുന്നവയാണ്.

ഇന്ന് ആഗോള മൂലധനം ഏറെ ചലനാത്മകമാണ്. ഏതു രാജ്യത്തും പെട്ടെന്നു വരികയും അതേ വേഗത്തിൽ തന്നെ വിട്ടുപോകുകയും ചെയ്യും. ഈ മൂലധനത്തിനായി രാജ്യങ്ങൾ (സംസ്ഥാനങ്ങളും) പരസ്പരം മത്സരിക്കുന്നു. ഇവർക്കുള്ള സൗജന്യങ്ങളും പ്രോത്സാഹനങ്ങളും വർദ്ധിപ്പിക്കുന്നതുവഴി ഇവരെ ആകർഷിക്കുന്നതാണ് മത്സരം. ഇതുവഴി മിക്കരാജ്യങ്ങൾക്കും വലിയ നഷ്ടമുണ്ടാകുന്നു. തീർത്തും വികേന്ദ്രീകൃതമായ ഉൽപാദന സംവിധാനങ്ങളാണ് ഇന്നത്തെ ബഹുരാഷ്ട്രക്കമ്പനികൾക്കുള്ളത്. ഒരു യന്ത്രത്തിന്റെ വിവിധ ഭാഗങ്ങൾ (സോഫ്റ്റ് വെയറിന്റേയും) ലോകത്തിന്റെ പലഭാഗത്താണ് നിർമിക്കുന്നത്. ഓരോ ഭാഗവും ഏറ്റവും ലാഭകരമായി നിർമിക്കുന്നിടത്താണ് കമ്പനിയുണ്ടാകു. മറ്റൊരു രാജ്യത്ത് ഇതിനേക്കാൾ ലാഭകരമെന്നു കണ്ടാൽ അവർ സ്ഥലം വിടും. ഘടകങ്ങൾ നൽകുന്ന കമ്പനികൾ പിട്ടും. മറ്റൊരു രാജ്യം അവരുടെ വ്യാപാരത്തെ മാറ്റിയാൽ ഈ രാജ്യത്തെ വ്യവസായം തകരും. വസ്ത്രകയറ്റുമതി നയത്തിൽ ചൈന വരുത്തിയ ഒരു മാറ്റം മൂലം ബംഗ്ലാദേശിലും ഇന്തോനേഷ്യയിലുമുണ്ടായ തൊഴിൽ നഷ്ടം പത്തുലക്ഷം വീതമാണ്. മെക്സിക്കോയിലും ഇതു പ്രത്യാഘാതമുണ്ടാക്കി. ലോക

**സെസെന്ന ദുരന്തം അവസാനിക്കണമെങ്കിൽ ശക്തമായ ഒരു രാഷ്ട്രീയശക്തി ഉയർന്നുവരണം. രാഷ്ട്രീയ കക്ഷികൾ ഇതിനു തയ്യാറാകില്ലെങ്കിലും മറ്റു പലയിടത്തുമെന്നപോലെ ജനകീയപ്രതിരോധം ഉണ്ടാകാം. എന്നാൽ മാധ്യമങ്ങൾപോലും യഥാർഥപ്രശ്നങ്ങൾ മറച്ചുവെയ്ക്കാനാണ്, വികസനത്തിന്റെ വക്താക്കളാകാനാണ് ശ്രമിക്കുന്നത്. ഇപ്പോഴുണ്ടായ സംവാദങ്ങൾപോലും പാർട്ടി തർക്കങ്ങളും ഗ്രൂപ്പ് തർക്കങ്ങളുമായിക്കാണാനാണവർ ശ്രമിച്ചത്. മറിച്ച് എല്ലാ സെസുകളും ഉപേക്ഷിച്ച ഗോവൻ സർക്കാരിന്റെ മാതൃക ഇവിടെ ഉയർത്തിക്കാട്ടാൻ അവർ തയ്യാറായില്ലല്ലോ. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമായിട്ടുപോലും ആ പാർട്ടിയും അതുയർത്തിക്കാട്ടുന്നില്ല.**


ത്തിലെ ഏറ്റവും കുറഞ്ഞ കൂലിനിരക്കാണ് ചൈനയിലേതെന്നതിനാലാണിത്.

ഇത്തരം കമ്പനികൾ പ്രാദേശിക സമൂഹത്തിൽനിന്നും ഒന്നും വാങ്ങില്ല. ഇറക്കുമതി (തീരുവയില്ലല്ലോ) യാണ് ലാഭമെങ്കിൽ പൂർണമായും അങ്ങനെ ചെയ്യും. തദ്ദേശീയർക്കിതുകൊണ്ടൊരു പ്രയോജനവുമുണ്ടാകുന്നില്ല. യാതൊരുവിധ പുതിയ നിർമാണ സാങ്കേതിക വിദ്യയും ആ രാജ്യത്തിനു കിട്ടില്ല. ഉദാഹരണത്തിന് ഒരു കാറിന്റെ പ്രത്യേക യന്ത്രഭാഗം മാത്രമുണ്ടാക്കുന്ന കമ്പനിയിൽ വരുന്ന സാങ്കേതികവിദ്യ ആ പ്രത്യേക കാറിന്റെ പ്രത്യേക മോഡലിനു മാത്രം അനുയോജ്യമായതാണ്. ആ കമ്പനി അതു വാങ്ങാൻ തയ്യാറായില്ലെങ്കിൽ ആ വിദ്യകൊണ്ടൊരു പ്രയോജനവുമില്ലല്ലോ. ഇന്ത്യയടക്കമുള്ള മൂന്നാം ലോകരാജ്യങ്ങളിൽ പലതിനും സോവിയറ്റ് യൂണിയൻ ഉണ്ടായിരുന്ന കാലത്തെ കയറ്റുമതി ഇപ്പോഴില്ല. നമുക്കു ലഭിക്കുന്നുവെന്നവകാശപ്പെടുന്ന വിദേശനാണയത്തിന്റെ സിംഹഭാഗവും ഇറക്കുമതിക്കായി വിനിയോഗിക്കുന്ന വ്യവസായങ്ങളാണിവ. നേരത്തെ പറഞ്ഞതുപോലെ നമ്മുടെ വിദേശനാണയശേഖരം 15000 കോടി ഡോളറിനടുത്താണെന്നതിനാൽ ഇതു വർദ്ധിപ്പിക്കാൻ ഇളവുകൾ കാട്ടിയ തൊഴിൽസമരവും യാതൊരു വിധ നിയമാനുസൃതആനുകൂല്യങ്ങളും നൽകാതിരിക്കലും ട്രേഡ് യൂണിയൻ അവകാശം നഷേധിക്കലും ഇവിടെ സാധാരണമാണ്. 70-90 ശതമാനം സ്ത്രീകളാണ് ഇവിടെ ജോലി ചെയ്യുന്നതെന്നതിനാൽ ഒരു കാലത്തും തൊഴിൽനിയമം നടപ്പിലാക്കാനായിയാതൊരു പോരാട്ടവും നടക്കില്ല. നമ്മുടെ മണ്ണും വെള്ളവുമടക്കമുള്ള പ്രകൃതി വിഭവങ്ങളും വൈദ്യുതി തുടങ്ങിയ പൊതുസമ്പത്തുകളും മനുഷ്യാദ്ധ്വാനവും കുറഞ്ഞ ചിലവിൽ (കൊള്ളയടിച്ച്) ഉപയോഗിച്ച് ലാഭം വാരിക്കൂട്ടുന്ന സെസുകളിൽ രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായ ഒന്നുമില്ലെന്നതാണ് സത്യം.

സെസിനും മറ്റുമെതിരായി പറയുന്നവർ പഴഞ്ചൻ പ്രത്യയശാസ്ത്രഭാണ്ഡം പേറുന്നവരാണെന്നും രാജ്യത്തിന്റെ വികസനത്തിനുള്ള തുരങ്കം വെയ്ക്കുന്നവരാണെന്നുമുള്ള സ്ഥിരം വാദങ്ങൾക്കു പുറമെ (ഇടതുപക്ഷത്തെ നിശ്ശബ്ദരാക്കാൻ) ചൈനയുടെ നേട്ടങ്ങൾ ഉയർത്തിക്കാട്ടാനും വിമർശനമുയർത്താറുണ്ട്. പണ്ട് 'ചൈനയിൽ മഴ പെയ്യുമ്പോൾ ഇവിടെ കുട പിടിക്കുന്നവർ' എന്ന് കമ്മ്യൂണിസ്റ്റുകാരെ വിമർശിച്ചവർ തന്നെയാണ് ഇപ്പോഴിതു പറയുന്നതെന്നതും ശ്രദ്ധേയമാണ്. ചൈന ചെയ്യുന്നതെല്ലാം ശരിയാണെന്നു പറയുന്നതിന് എന്തർത്ഥമെന്നുമറിയില്ല. നാളിതുവരെ ചൈനയുടെ വളർച്ചയും അവിടത്തെ രാഷ്ട്രീയസാമൂഹ്യാവസ്ഥകളും വ്യത്യസ്തമാണെന്ന സത്യവും ഇവിടെ ഓർക്കാറില്ല. ചൈനയിൽ ഇപ്പോൾ നടക്കുന്ന മാറ്റങ്ങൾ ശരിയായ ദിശയിലാണെന്ന് ആർക്കും ഉറപ്പിച്ചു പറയാനുമാകില്ല. (പണ്ട് സോവിയറ്റ് യൂണിയനിൽ നടക്കുന്നതിനെയെല്ലാം ന്യായീകരിച്ചതിന്റെ നാണക്കേട് (ദുരന്തം) ഇതുവരെ തീർന്നിട്ടില്ലല്ലോ.) എന്നാലും ചൈനയെന്ന മൂന്നാം ലോകരാജ്യത്തിന്റെ അനുഭവം നാം പരിശോധിക്കേണ്ടതുതന്നെയാണ്. ഹോംഗേഡോംഗ് പ്രവിശ്യയിലെ ഷൈൻപ്പെന്നിലാണ് ചൈനയിലെ ആദ്യത്തെ സെസ് വരുന്നത്. 3,27,000 ഹേക്ടർ ഭൂമിയാണ് ഇതിനായി നീക്കിവെച്ചത്. മുതലാളിത്തത്തെ ഒറ്റപ്പെടുത്തി ഒതുക്കി നിർത്താൻ വേണ്ടിയാണ് ഇതു ചെയ്യുന്നതെന്നായിരുന്നു അവരുടെ അവകാശവാദം. സർക്കാർ നിയന്ത്രണത്തിൽ മൊത്തം 55 സെസുകൾ ചൈനയിൽ സ്ഥാപിച്ചു. പ്രവിശ്യകൾക്കായിരുന്നു ഭൂമിവിനിയോഗത്തിനുള്ള തീരുമാനമെടുക്കാൻ അധികാരം നൽകിയിരുന്നത്. ഭൂപരിധി നിയമം മാറ്റാൻ പ്രവിശ്യകൾക്ക് കേന്ദ്ര-ഭരണം അനുമതി നൽകി. 80കൾവരെ ഭൂമി മുഴുവൻ സർക്കാർ (കമ്മ്യൂൺ) ഉടമസ്ഥതയിലായിരുന്നു. പെട്ടെന്നുതന്നെ നിരവധി പ്രവിശ്യകൾ മത്സരിച്ച് കയറ്റുമതി മേഖലകൾക്ക് അനുമതി നൽകി. 1993 ൽ ഇത്തരം 8000 പുതിയ മേഖലകൾ ഉയർന്നുവന്നു. ഗ്രാമത്തിലെ ഭൂമി സ്വകാര്യസ്ഥാപനങ്ങൾക്ക് വിൽക്കാമെന്ന നിയമഭേദഗതി വന്നു. 1985-95 കാലത്ത് 15 ലക്ഷം ഹെക്ടർ സർക്കാർ ഭൂമി ഇപ്രകാരം സ്വകാര്യ കമ്പനികൾക്കു കൈമാറി. അപ്പോഴും കൃഷിഭൂമി വിൽപന അനുവദിച്ചിരുന്നില്ല. എന്നിട്ടും നിയമലംഘനം നടത്തി ഭൂമി കൈമാറ്റമുണ്ടായി. ഇതിന്റെ ഫലമായി സാമ്പത്തികവളർച്ച ദ്രുതഗതിയിലായി. 20-30 ശതമാനംവരെ അതുയർന്നു. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ നാലിലൊന്നിലധികം ഷൈൻപ്പെൻ മേഖലയിൽനിന്നു മാത്രമുണ്ടായി. എന്നാൽ ഇതിനു ചൈന നൽകിയ സാമൂഹ്യപാരസ്ഥിതികവില വളരെ വലുതായിരുന്നു. സാമ്പത്തികാസമത്വം പെട്ടെന്നു വർദ്ധിച്ചു. പ്രവിശ്യകൾ തമ്മിലും പ്രവിശ്യകൾക്കകത്ത് ഗ്രാമ

ങ്ങളും നഗരങ്ങളും തമ്മിലും അസമത്വം ഭീമമായി വളർന്നതുമൂലം വൻതോതിൽ ഗ്രാമീണർ നഗരത്തിലേക്കു കുടിയേറി. പല നഗരങ്ങളിലും പാതിയിലേറെ കുടിയേറ്റക്കാരായി. മൂലധനത്തിന്റെ ലാഭം വർദ്ധിപ്പിക്കാൻ കൂലി ഗണ്യമായി കുറക്കാൻ നിർബന്ധിതരായി. ട്രേഡ് യൂണിയനനുകൾ അപ്രസക്തമായി. പക്ഷെ അടിച്ചമർത്തപ്പെട്ടവരുടെ പ്രതിഷേധം നിയന്ത്രിക്കാനായില്ല. ഒട്ടനവധി മിന്നൽ പണിമുടക്കുകൾ പലയിടത്തുമുണ്ടായി. ഈയൊരു പ്രവിശ്യയിൽമാത്രം 2006 ൽ പതിനായിരത്തിലധികം മിന്നൽപണിമുടക്കുകളാണുണ്ടായത്. 5 ലക്ഷം കുട്ടികൾ അവിടെ തൊഴിലെടുക്കുന്നു. വിദ്യാഭ്യാസസംവിധാനം താറുമാറായി. സമൂഹത്തിൽ നിരാശയും മോഷണവും ആത്മഹത്യയും പെരുകി. സർക്കാർ ഇക്കാര്യം പെട്ടെന്നുതന്നെ തിരിച്ചറിഞ്ഞു. 1997 ൽ തന്നെ നയം മാറ്റി. ഭൂവിനിയോഗത്തിലെ മാറ്റത്തിനു കർശനനിയന്ത്രണമായി. 1998 ൽ കൃഷിഭൂമി സംരക്ഷണനിയമം വന്നു. ആയിരക്കണക്കിന് മേഖലകളുടെ അംഗീകാരം റദ്ദാക്കി. ഇപ്പോൾ ഔദ്യോഗികമായി 56 മേഖലകളേയുള്ളു. നികുതിഇളവുകൾ പലതും പിൻവലിച്ചു. പക്ഷേ ഇതൊന്നും കാണാൻ നമ്മുടെ ഭരണാധികാരികളോ മാധ്യമങ്ങളോ തയ്യാറാകുന്നില്ല. പകരം ചൈനീസ് വികസനത്തെ അവർ വാഴ്ത്തികൊണ്ടേയിരിക്കുന്നു. ചൈനീസ് സർക്കാരിന്റെ മുൻഉപദേഷ്ഠാവ് തന്നെ പറഞ്ഞു "ഇവിടെ (ഷെൻപ്പെൻ) നമുക്ക് വഴിമുട്ടിയിരിക്കുന്നു" എന്ന്. ജനാധിപത്യമില്ല, ശല്യക്കാരായ പരിസ്ഥിതി പ്രവർത്തകരില്ല, യൂണിയനുകൾക്ക് സ്വാതന്ത്ര്യമില്ല, എന്നിട്ടും അവിടെപ്പോലും കാര്യങ്ങൾ ശരിയായി മുന്നോട്ടുപോകുന്നില്ല.

ചൈനയെക്കാട്ടി ഇടതുപക്ഷത്തെയൊന്നും വിരട്ടേണ്ടതില്ല. സാമ്പത്തികവികസനത്തിന് ഇതു മാത്രമേ വഴിയുള്ളുവെന്ന് അവരും അംഗീകരിച്ചിരിക്കുന്നു. ചുരുങ്ങിയത് ഭരണത്തിലേറുമ്പോഴെങ്കിലും സർക്കാരിനും ജനങ്ങൾക്കും പ്രകൃതിക്കും ഇന്നും നാളെയും വൻനഷ്ഠമുണ്ടാകുമെന്നറിഞ്ഞിട്ടും ഇത്തരത്തിലുള്ള സർവ്വകക്ഷിസമവായം ഉണ്ടാകുന്നതെന്തുകൊണ്ട്? തെറ്റായ വികസനസങ്കൽപം ഇതിനൊരു കാരണമാകാം. എന്നാൽ അതിനുമപ്പുറം വൻലാഭം കൊയ്യുന്ന ഈ ബിസിനസ്സിൽ തങ്ങൾക്കും ലാഭത്തിന്റെ ഒരു നല്ല പങ്ക് കിട്ടുമെന്ന് അവർക്കു മനസ്സിലായിരിക്കും. മുൻപു പറഞ്ഞ സൗജന്യങ്ങളും ഇളവുകളും മാത്രമല്ല മുതലിറക്കുന്നവരുടെ ലക്ഷ്യം. ഭൂമിയെന്നപരിമിതമായ വിഭവം കൂടുതൽ ആദായകരമായി ഉപയോഗിക്കാവുന്ന മാർഗങ്ങൾ അവർക്കറിയാം. തങ്ങളുടെ ലാഭം വീണ്ടും മൂലധനമായിറക്കി റിയൽ എസ്റ്റേറ്റ് വ്യാപാരത്തിലൂടെ പല മടങ്ങാക്കാനാകുന്നു. സെസിനായി ലഭിക്കുന്ന ഭൂമിയിൽ 50 ശതമാനം വ്യവസായാവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്നാണ് കേന്ദ്രനിയമം പറയുന്നത്. വ്യവസായമെന്നതിൽ കൃഷിയും ഖനനവും ഒക്കെ വരുന്നു. ബാക്കി ഭൂമിയാണ് സമ്പന്നർക്ക് ഉപയോഗിക്കാനായി നൽകുന്നത്. രാജ്യത്തെ ഒരു നിയമവും നികുതിയും ബാധകമാകാത്ത വിധത്തിൽ സുരക്ഷിതരായിക്കഴിയാൻ സമ്പന്നർക്ക് വഴിയൊരുക്കുന്നു, ഒരു വിധത്തിൽ സ്വർഗം തന്നെ സൃഷ്ടിക്കപ്പെടുന്നു. എല്ലാവിധ ആധുനികജീവിതസൗകര്യങ്ങളും അന്തരാഷ്ട്രനിലവാരത്തിൽതന്നെ, വളരെ കുറഞ്ഞ ചിലവിൽ ലഭിക്കുന്നു. കള്ളന്മാരെയോ സമരക്കാരെയോ ഭയപ്പെടേണ്ടതില്ല. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നുള്ള ഉൽപന്നവും സേവനവും യാതൊരു വിധ ഇറക്കുമതിച്ചുങ്കവുമില്ലാതെ അവിടെ ലഭ്യമാണ്. പുറത്ത് ദരിദ്രർക്ക് വീട്ടുപണിയാൻ ഉയർന്ന വിലക്ക് സിമന്റും കമ്പിയും മറ്റും വാങ്ങേണ്ടി വരുമ്പോൾ, ഇതിനകത്തുള്ളവർക്ക് കുറഞ്ഞ ചിലവിൽ വിദേശസിമന്റും വിദേശഭക്ഷണങ്ങളും മദ്യവുമെല്ലാം സുലഭം. ഇവർക്കായി സ്വിമിങ്ങ് പൂളും ഗോൾഫ് ക്ലബും വാട്ടർ തീം പാർക്ക് സ്റ്റാർ ഹോട്ടലുകളും ഉയരും. ഇവർക്കു പുറത്തുള്ള ദരിദ്രർക്ക് കൂടി അവകാശപ്പെട്ട വൈദ്യുതിയും വെള്ളവും ഇവർ കുറഞ്ഞ ചിലവിൽ തട്ടിക്കൊടുക്കും. സമ്പന്നരുണ്ടാക്കുന്ന മാലിന്യങ്ങൾ മാത്രം പുറത്തു വരും. അവരുടെ വാഹനങ്ങൾകൊണ്ട് നമ്മുടെ റോഡുകൾ നിറയും. സ്വകാര്യഎയർപോർട്ടും സ്റ്റാർനിലവാരമുള്ള വാസകേന്ദ്രങ്ങളും ലോകോത്തരഷോപ്പിങ്ങ് മാളുകളുമെല്ലാം ചേർന്ന ഒരു ദ്വീപരാഷ്ട്രമായി ഇതു മാറും. രാജ്യത്തിനകത്തെ രാജ്യം. സെസിന് അനുമതി കിട്ടുന്നവരെമാത്രം അവർക്ക് സർക്കാർ ആവശ്യമാണ്. അതിനുശേഷം അതവർക്ക് പ്രസക്തമേയല്ല. ജനങ്ങൾ ഏതെങ്കിലും കാര്യത്തിൽ പ്രതിരോധിച്ചാൽ അതു നേരിടാൻ സ്വകാര്യ സൈന്യവും സെക്യൂരിററി സംവിധാനങ്ങളും ഉണ്ടാകും. ഇവിടെ ഭരണവ്യവസ്ഥ ജനാധിപത്യമോ ഏകാധിപത്യമോ സോഷ്യലിസം തന്നേയോ ആകാം. നമ്മുടെ രാഷ്ട്രീയ നേതാക്കളിൽ ഒരു പങ്ക് ഇത്തരം സൗകര്യങ്ങളിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു. അവിടത്തെ ലാഭത്തിൽ പങ്കു പറ്റാൻ ആഗ്രഹിക്കുന്നു.




ബംഗാളിനെപ്പറ്റി ഇനി പറയേണ്ടതില്ല. ടാറ്റാ തൽക്കാലം(?) സ്ഥലം വിട്ടു. ഭൂപരിഷ്കരണം ഒരു പരിധി വരെ നടന്നതും ഇടതുപക്ഷരാഷ്ട്രീയത്തിനു ശക്തമായ വേരുകളുള്ളതുമായതിനാലാണ് ഇവിടെ നിന്നു നരേന്ദ്രമോഡി ടാറ്റയെ റാഞ്ചികൊണ്ടു

പോയി. ഈ സാഹചര്യത്തിലാണ് കേരളത്തിലെ സെസ് അനുമതി വിവാദമാകുന്നത്. ഭരണമുന്നണിയിലെ രണ്ടാംകക്ഷിയായ സിപിഐ ഒന്നു പിടഞ്ഞുനോക്കി. (മൂന്നാറിലെ നാണക്കേട് കഴുകിക്കളയാൻ ശ്രമിച്ചതാണ്. അതെവിടെ പോകാൻ) ഒടുവിൽ അവരും അടങ്ങി. ഇത്തരം ചില ഇടപെടലുകൾമൂലം സെസ് നയം ഉണ്ടായി. കേന്ദ്രനയത്തെ അപേക്ഷിച്ച് അൽപം മെച്ചമാണെന്നു വാദത്തിനുവേണ്ടി സമ്മതിക്കാം. ഭൂമിയുടെ 70 ശതമാനം വ്യവസായത്തിനുപയോഗിക്കണമെന്നതാണ് പ്രധാന നിബന്ധന. തൊഴിൽ നിയമങ്ങൾ കർശനമാക്കുമെന്നും പറയുന്നു. സർക്കാരിനു പങ്കാളിത്തം തുടങ്ങിയ നിബന്ധനകൾ മാഞ്ഞുപോയി. പക്ഷേ ഇവിടെയും നിരവധി പ്രശ്നങ്ങളുണ്ട്. ഇത് കേവലം നയമാണ്, നിയമമല്ല. ഒരു മന്ത്രിസഭായോഗത്തിനു മാറ്റാവുന്നതേയുള്ളൂ. മൂലധനസമ്മർദ്ദവും അഴിമതിയും ശക്തമായിരിക്കുന്ന നാട്ടിൽ ഇതിലൊരു പ്രശ്നവുമില്ല. ഇപ്പോഴും 30 ശതമാനം ഭൂമി അവർക്ക് ഇഷ്ടംപോലെ (ക്വാർട്ടേഴ്സ് മാത്രം തുടങ്ങിയ നിയന്ത്രണങ്ങളുണ്ടെങ്കിലും കാര്യമാക്കാതെ) ഉപയോഗിക്കാം. പ്രത്യേക മേഖലയായി കഴിഞ്ഞാൽ പിന്നെ അതിനകത്ത് സർക്കാരിനെന്തു നിയന്ത്രണമുണ്ടാകും? അവർ ഇഷ്ടംപോലെ വിനിയോഗിക്കും. നികുതിയിളവുകൾ നൽകുന്നത് കേന്ദ്രസർക്കാരാണല്ലോ. ഭൂപരിഷ്കരണ (പരിധി) നിയമങ്ങൾ ലംഘിക്കുന്നുവെന്നു കണ്ടാൽ ചില നടപടികളെടുക്കാൻ കഴിഞ്ഞേക്കും. താത്വികമായി ഇതു ശരിയാണെങ്കിലും മൂന്നാറിലെയും വാഗമണ്ണിലെയും മറ്റും അനുഭവം പാഠമാണെങ്കിൽ സർക്കാരിന് ഒരു ചുക്കും ചെയ്യാനില്ല. അപ്പോൾ പിന്നെ ഇപ്പോഴത്തെ നയം. ഒരു താൽകാലിക അടവുനയം മാത്രം.

സെസെന്ന ദുരന്തം അവസാനിക്കണമെങ്കിൽ ശക്തമായ ഒരു രാഷ്ട്രീയശക്തി ഉയർന്നുവരണം. രാഷ്ട്രീയ കക്ഷികൾ ഇതിനു തയ്യാറാകില്ലെങ്കിലും മറ്റു പലയിടത്തുമെന്നപോലെ ജനകീയപ്രതിരോധം ഉണ്ടാകാം. എന്നാൽ മാധ്യമങ്ങൾപോലും യഥാർഥപ്രശ്നങ്ങൾ മറച്ചുവെയ്ക്കാനാണ്, വികസനത്തിന്റെ വക്താക്കളാകാനാണ് ശ്രമിക്കുന്നത്. ഇപ്പോഴുണ്ടായ സംവാദങ്ങൾപോലും പാർട്ടി തർക്കങ്ങളും ഗ്രൂപ്പ് തർക്കങ്ങളുമായിക്കാണാനാണവർ ശ്രമിച്ചത്. മറിച്ച് എല്ലാ സെസുകളും ഉപേക്ഷിച്ച ഗോവൻ സർക്കാരിന്റെ മാതൃക ഇവിടെ ഉയർത്തിക്കാട്ടാൻ അവർ തയ്യാറായില്ലല്ലോ. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമായിട്ടുപോലും ആ പാർട്ടിയും അതുയർത്തിക്കാട്ടുന്നില്ല. ഐടിക്കായുള്ള സെസിന്റെ താഴ്ന്ന ഭൂപരിധി പത്ത് ഏക്കറാക്കാനാണിവിടെ ശ്രമം. ഐടിക്ക് സെസ് കൊണ്ടെന്തു പ്രയോജനം? സെസിനു പുറത്ത് അവർക്കു ലഭിക്കുന്നതിനപ്പുറം ഒന്നും അവിടെ കിട്ടില്ലല്ലോ. അപ്പോൾ അവരുടെയും താൽപര്യം റിയൽ എസ്റ്റേറ്റ് തന്നെയാണ്. ഫലത്തിൽ പുറത്തുള്ള ഐടി സ്ഥാപനങ്ങൾ ഇതിനകത്തേക്കു മാറും. അത്രതന്നെ. തന്നെയുമല്ല, പുറത്തു പ്രവർത്തിക്കുന്ന റിയൽ എസ്റ്റേറ്റുകൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സെസ് ഭീഷണിയാണ്. അവരേക്കാൾ ലാഭകരമായും ഏറെ സൗകര്യങ്ങളോടെയും വീടു നൽകാൻ സെസ് ഉടമകൾ തയ്യാറാകും. കേരളത്തിൽ ഇപ്പോൾ അനുമതി നൽകിയിരിക്കുന്ന മിക്ക സ്ഥാപനങ്ങളും റിയൽ എസ്റ്റേറ്റ് കാരാണ് എന്നും ഓർക്കാം. അതാണവരുടെ വ്യവസായമെന്നു വന്നാൽ 100 ശതമാനം ഭൂമിയും വിൽക്കാം. ഇതൊന്നും നാം ആലോചിക്കാറേയില്ല.

*അമൽ, കാക്കനാട്, കൊച്ചി.*

കാർട്ടൂൺ | കെ.ബി. മധുസൂദനൻ

